"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പാലക്കാട് - ജില്ല - ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് ഓഫീസ് - ക്ലർക്ക് - ശ്രീ. രഘുനാഥൻ കെ -യുടെ പ്രൊബേഷൻ കാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2056/2025/LSGD തീയതി,തിരുവനന്തപുരം, 18-08-2025

പരാമർശം:-

1. കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 06.03.2021ലെ KSD/7091/2018-SC5 നമ്പർ നടപടിക്രമം
2. പഞ്ചായത്ത് ഡയറക്ടറുടെ 09.06.2022ലെ PAN-505/2020-E14(DP) നമ്പർ നടപടിക്രമം
3. പഞ്ചായത്ത് ഡയറക്ടറുടെ 21.06.2022ലെ PAN/505/2020-E14(DP) നമ്പർ നടപടിക്രമം
4. തദ്ദേശസ്വയംഭരണ വകുപ്പ് പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 26.07.2024ലെ LSGD/JD/PKD/4326/2024-A4 നമ്പർ നടപടിക്രമം
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.06.2025ലെ LSGD/PD/33151/2024-DEC4 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. രഘുനാഥൻ കെ -യുടെ നിരീക്ഷണകാലം 30.07.2022 മുതൽ 24.11.2022വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആഭ്യന്തര വകുപ്പിൽ ക്ലർക്ക് തസ്തികയിൽ സൂപ്പർന്യൂമററിയായി ജോലിയിൽ പ്രവേശിച്ച ശ്രീ. രഘുനാഥൻ കെ യെ പരാമർശം (1) പ്രകാരം ബെള്ളൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുള്ളതും 09/04/2021 -ന് സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. ടിയാന്റെ സേവനം 30/07/2019 തീയതി പ്രാബല്യത്തിൽ പരാമർശം (2) , (3) എന്നിവ പ്രകാരം ക്രമവൽക്കരിച്ചിട്ടുമുണ്ട്. ശ്രീ.രഘുനാഥൻ കെ -യുടെ പേരിൽ വിജിലൻസ് കേസുകളോ മറ്റ് വകുപ്പ് തല അച്ചടക്കനടപടികളോ ഇല്ലായെന്നും സേവനം തൃപ്തികരമാണെന്നുമുള്ള സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട് . ടിയാളുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി ടെസ്റ്റ് യഥാസമയം വിജയിക്കാത്തതിനാൽ ടിയാൻറെ നിരീക്ഷണ കാലയളവ് പരാമർശം (4) പ്രകാരം 30/07/2021 മുതൽ 29/07/2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ടിയാൻ GIS, SLI എന്നിവയിൽ അംഗത്വമെടുക്കുകയും 22/11/2022 തീയതിയിൽ എം.ഒ.പി പരീക്ഷ വിജയിക്കുകയും ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. രഘുനാഥൻ കെ - യുടെ പ്രൊബേഷൻ

23.11.2022 തീയതി പ്രാബല്യത്തിൽ നിയമനാധികാരിക്ക് പ്രഖ്യാപിക്കുന്നതിനായി ടിയാന്റെ പ്രൊബേഷൻ കാലയളവ് KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 30.07.2022 മുതൽ 24.11.2022 വരെ വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ

3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , പാലക്കാട് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.സെക്രട്ടറി,ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് ഓഫീസ്, പാലക്കാട് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.ശ്രീ.രഘുനാഥൻ കെ , ക്ലർക്ക് , ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

6.ഡയറക്ടർ . ഐ കെ എം

7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

8.കരുതൽ ഫയൽ (ഫയൽ നം.142/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 18-08-2025 15:38:13